I/169371/2024

കേരള സർക്കാർ

ഭരണഭാഷ - മാതൃഭാഷ

**തദ്ദേശ സ്വയം ഭരണ വകുപ്പ്(പ്ലാനിംഗ്)**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.**
**നാലാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**
**ഫോൺ: 0484 – 2427223, ഇ-മെയിൽ : stpekm@gmail.com**

**സീനിയർ ടൗൺ പ്ലാനറുടെ നടപടി ക്രമം**

വിഷയം :- സാങ്കേതിക വിഭാഗം - കോട്ടപ്പടി ഗ്രാമപഞ്ചായത്ത് - ഭൂവികസനം - ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം – നൽകി ഉത്തരവാകുന്നു.

പരാമർശം :- ശ്രീ.ബൈജു സി വർഗ്ഗീസ്-ൻറെ 04/12/2023-ലെ അപേക്ഷ.

==================================================================

**ഉത്തരവ് നമ്പർ LSGD/JD/EKM/10495/2023-PLG3 D-DIS, തീയതി:05-01-2024**

==================================================================

കോതമംഗലം താലൂക്ക്, കോട്ടപ്പടി വില്ലേജ്, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് ബ്ലോക്ക് 1, സർവ്വേ നമ്പർ 340/1A/S/160/64/72/82, 340/1A/S/159/64/106, 340/1A/S/158/64-ൽപ്പെട്ട 6920 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തിൻറെ പ്ലോട്ട് ഡിവിഷനുള്ള (residential) ലേ-ഔട്ട് അംഗീകാരത്തിനായി ശ്രീ. ബൈജു സി വർഗീസ്, ചേലാട്ട് ഹൗസ്, 1/218 H, തങ്കളം, കോട്ടപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത ഭൂവികസനം KPBR 2019-ലെ പ്രധാന ചട്ടങ്ങൾ പാലിക്കുന്നതായി കാണുന്നു. ടി ഭൂവികസനം ചുറ്റുപാടുമുള്ള വികസനങ്ങളെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് കാണുന്നതിനാൽ താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂവികസനത്തിന് KPBR ചട്ടം 30 പ്രകാരം ലേഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. KPBR-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട

രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട Land sub-division ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

2. നിർദ്ദിഷ്ട Land sub-division KPBR 2019-നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തണം.

3. എർത്ത് കട്ടിങ്, ഫില്ലിംഗ് & മണ്ണ് നീക്കം ചെയ്യൽ എന്നിവയ്ക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC/ സാക്ഷ്യപത്രം നേടിയിരിക്കണം. കൂടാതെ ആവശ്യമായ മറ്റ് എല്ലാ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുമുള്ള NOC/ സാക്ഷ്യപത്രം ലഭ്യമാക്കിയിരിക്കണം.

4. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, 2018-ലെ നെൽവയൽ തണ്ണീർത്തട നിയമം സംബന്ധിച്ച അമെൻഡ്മെൻറ് ആക്ട്, ഗവൺമെൻറ് സർക്കുലറുകൾ, KLU ഓർഡർ 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

5. ഉപരിതല ജലനിർഗ്ഗമനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

6. KPBR 2019 Rule 31(1)-ലെ എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടാണ് ഭൂവികസനം നടത്തിയിരിക്കുന്നത് എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

7. പ്ലോട്ടിൽ ആവശ്യമായ എല്ലാ സ്ഥലങ്ങളിലും റീടൈനിംഗ് വാൾ നൽകി സംരക്ഷിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കണം. ഇതിനായി structural എഞ്ചിനീയർ സാക്ഷ്യപെടുത്തിയ പ്ലാനുകൾ സെക്രട്ടറിക്ക് ആവശ്യപ്പെടാവുന്നതാണ്.

8. എർത്ത് കട്ടിങ് ആവശ്യമായതിനാൽ ജിയോളജി വകുപ്പിൻറെ അനുമതിയ്ക്കും നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് നീക്കം ചെയ്യേണ്ട മണ്ണിൻറെ അളവ് നിജപ്പെടുത്തിയിരിക്കുന്നത് എന്ന് സെക്രട്ടറി ഉറപ്പാക്കണം.

9. പ്ലോട്ടിലെ മണ്ണ് ഖനനം, നികത്തൽ കട്ടിങ് എന്നിവ Kerala Minor Mineral Concession (Amendment) Rules, 2023-ന് വിധേയമായിരിക്കണം എന്ന് സെക്രട്ടറി ഉറപ്പാക്കണം

**മേൽ അംഗീകാരം ഭൂവികസന പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതിയില്ല. കെ.പി.ബി.ആർ 2019 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ ആവശ്യമായ**

I/169371/2024

തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ ഭൂവികസനാനുമതിക്കായി പരിഗണിക്കാവൂ.

അംഗീകരിച്ച ലേ-ഔട്ട് നമ്പർ:113/2023.

Signed by Mitzie Thomas
Date: 05-01-2024 22:56:24
Reason: Approved

മിറ്റ്സി തോമസ്
ടൗൺ പ്ലാനർ
(സീനിയർ ടൗൺ പ്ലാനർ-ഇൻ-ചാർജ്ജ്)

<u>സ്വീകർത്താവ്:</u>

സെക്രട്ടറി,
കോട്ടപ്പടി ഗ്രാമപഞ്ചായത്ത്
(അംഗീകരിച്ച പ്ലാൻ സഹിതം)

<u>പകർപ്പ്:</u>

1) ശ്രീ ബൈജു സി വർഗീസ്, ചേലാട്ട് ഹൗസ്, 1/218 H, തങ്കളം, കോതമംഗലം പി ഒ, എറണാകുളം.
2) ഓഫീസ് കോപ്പി